9417
27/5/19

കേരള സർക്കാർ

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പാലക്കാട് ജില്ല – മക്കൾ മുങ്ങി മരണപ്പെട്ട ശ്രീ. ഷാജി. ശ്രീമതി. റാണി എന്നിവർക്ക് അധിക ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്

സ. ഉ. (സാധാ) നം. 1181/2019/റവ. തിരുവനന്തപുരം, തീയതി: 24.05.2019

---

പരാമർശം: 1. സ.ഉ. (സാധാ) നം. 1059/2018/റവ. തീയതി : 22.03.2018 (D. No. 170706056 & 170706118)
2. ബഹു. മനുഷ്യാവകാശ കമ്മീഷന്റെ 03.02.2019 ലെ HRMP No. 10842/18/PLKD. കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ല ഒറ്റപ്പാലം താലൂക്ക്. അമ്പലപ്പാറ. നെട്ടംപുറത്തു ശ്രീ. ഷാജി. ശ്രീമതി. റാണി എന്നിവരുടെ മക്കളായ ടിറ്റി. അലീന എന്നിവർ 09.05.2018 ൽ ഒഴുക്കിൽപ്പെട്ടു മരണപ്പെട്ടതിനെ തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പരാമർശം (1) പ്രകാരം ഓരോ ലക്ഷം രൂപ വീതം (ആകെ രണ്ട് ലക്ഷം രൂപ മാത്രം) അനുവദിച്ച ഉത്തരവായിട്ടുള്ളതാണ്. എന്നാൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് കാണിച്ച പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഓരോ ലക്ഷം രൂപ വീതം (ആകെ രണ്ട് ലക്ഷം രൂപ മാത്രം) കൂടി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

2. വിതരണത്തിനാവശ്യമായി വരുന്ന **2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള TP 80 അക്കൗണ്ടിൽ നിന്നും പാലക്കാട് ജില്ലാ കളക്ടർക്ക് നൽകേണ്ടതും. ജില്ലാ കളക്ടർ ടി തുക വിതരണം ചെയ്ത വിവരം സർക്കാരിനെ സർക്കാരിനെ അറിയിക്കേണ്ടതുമാണ്

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
സന്തോഷ് കുമാർ.ടി.കെ
ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ. പാലക്കാട്.
തഹസിൽദാർ. ഒറ്റപ്പാലം.
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ഐ & പി ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ